**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1954 19.06.2012 ൽ മറുപടിയ്ക്ക്

## സ്വകാര്യ ബസ്സുകളുടെ റൂട്ട് മാറ്റം

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സ്വകാര്യ ബസ്സുകളുടെ റൂട്ട് മാറ്റത്തിൽ വ്യാപകമായ ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) ഇത്തരത്തിൽ ക്രമക്കേട് നടക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | റൂട്ട് മാറ്റം അനുവദിക്കുന്നത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളാണ്. ഇത് ഒരു ക്വാസി ജുഡീഷ്യൽ ബോഡിയായതിനാൽ അതോറിറ്റികളുടെ തീരുമാനങ്ങളിൽ സർക്കാരിന് ഇടപെടാൻ കഴിയുകയില്ല. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് എന്തെങ്കിലും ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടാൽ നടപടിയെടുക്കാറുണ്ട്. |
| (സി) തിരുവനന്തപുരം നഗരത്തിൽ സ്വകാര്യ ബസ്സുകളുടെ റൂട്ട് മാറ്റത്തിൽ അഴിമതി നടക്കുന്നതായി ലോകായുക്തയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ഡി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ? | (സി & ഡി) | ലോകായുക്ത നിരീക്ഷണം നടത്തിയതായറിവില്ല. എന്നാൽ ശ്രീ. അജിത്കുമാർ എന്ന വ്യക്തി ബഹുമാനപ്പെട്ട ലോകായുക്തയിൽ നൽകിയ പരാതി നമ്പർ 973/2012 ബി-യിന്മേൽ തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ വിശദീകരണം തേടിയതായും അതിന്റെ നിജസ്ഥിതി സംബന്ധിച്ച വിവരണം ലോകായുക്തയിൽ നൽകിയിട്ടുള്ളതായും ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ